**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1713** **08-10-2021 - ൽ മറുപടിയ്ക്ക്**

**ഡയാലിസിസിന് വിധേയരാകുന്ന രോഗികൾക്കായി ചികിത്സാ സഹായ പദ്ധതി.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഒ എസ് അംബിക | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ഡയാലിസിസിന് വിധേയരാകുന്ന രോഗികൾക്കായി പുതിയ ചികിത്സാ സഹായ പദ്ധതികൾ ആവിഷ്കരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; | (എ) | (എ) പുതിയ പദ്ധതികൾ തത്ക്കാലം പരിഗണനയിലില്ല. |
| (ബി) | വൃക്ക രോഗികൾക്കായി നിലവിൽ എന്തെല്ലാം സഹായ പദ്ധതികളാണ് വകുപ്പ് നടപ്പിലാക്കി വരുന്നത് എന്ന് അറിയിക്കാമോ? | (ബി) | (ബി) വൃക്ക രോഗികൾക്കായി രണ്ടു പദ്ധതികളാണ് നടപ്പാക്കി വരുന്നത്. 1. വൃക്ക രോഗം ബാധിച്ച മാസത്തിൽ ഒരു പ്രാവശ്യമെങ്കിലും ഡയാലിസിസിന് വിധേയരാകുന്ന BPL കുടുംബാംഗത്തിനു പ്രതിമാസം 1100/- രൂപ അനുവദിക്കുന്നു. 2. വൃക്ക രോഗം ബാധിച്ച വൃക്ക/ കരൾ മാറ്റി വയ്ക്കലിന് വിധേയരാകുന്ന BPL വിഭാഗക്കാർക്ക് അവയവ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ കഴിയുന്ന തീയതി മുതൽ 5 വർഷം വരെ പ്രതിമാസം 1000 രൂപ നിരക്കിൽ തുടർ ചികിത്സ ധനസഹായം അതാതു സ്ഥലത്തെ ശിശുവികസന പദ്ധതി ഓഫീസറുടെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അനുവദിക്കുന്നുണ്ട്. കൂടാതെ വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്കു ധന സഹായത്തിനു അപേക്ഷിക്കുന്നവർക്ക് മാനദണ്ഡങ്ങൾക്കനുസൃതമായി വി-കെയർ പദ്ധതിയിലൂടെ ചികിത്സ ധനസഹായം നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ